# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** — **10-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സബ് കളക്ടർ ഓഫീസിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സബ് കളക്ടർ ഓഫീസിൽ 2017 മുതൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഓഫ് ലൈനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാകാത്ത അപേക്ഷകൾ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സബ് കളക്ടർ ഓഫീസിൽ ഓഫ് ലൈനായി ലഭിച്ച 362 അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നു. |
| (ബി) | ഇത്തവണ നടത്തുന്ന അദാലത്തിൽ പ്രസ്തുത അപേക്ഷകൾ പരിഗണിക്കുമോ; | (ബി) | 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ നടത്താൻ നിശ്ചയിച്ചിട്ടുള്ള അദാലത്തുകളിൽ ഇത്തരത്തിലുള്ള ഓഫ് ലൈൻ അപേക്ഷകളും പരിഗണിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ തീർപ്പാക്കാത്ത അപേക്ഷകൾ മറ്റ് ജില്ലകളിൽ നിലവിലുണ്ടോ; | (സി) | ഇടുക്കി ജില്ലയൊഴികെയുള്ള മറ്റ ജില്ലകളിൽ, ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ടതും വിവിധ അപാകതകൾ ഉള്ളതുമായ ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നുണ്ട്. |
| (ഡി) | ഇത്തരത്തിൽ ഓഫ് ലൈനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സാധ്യമായ ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്. പൂർണ്ണമായ റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത അപേക്ഷകളാണ് തീർപ്പാകാതെ ശേഷിക്കുന്നത്. അതുകൊണ്ട് തന്നെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിലവിൽ നിശ്ചയിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ